**15 -ാം കേരള നിയമസഭ**

**3 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 103** **07-10-2021 - ൽ മറുപടിയ്ക്ക്**

**ഓൺലൈൻ പഠന സൗകര്യങ്ങൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീമതി ഒ എസ് അംബിക,<br>ശ്രീ സി എച്ച് കുഞ്ഞമ്പു,<br>ശ്രീ. മുരളി പെരുനെല്ലി,<br>ശ്രീ. എ. പ്രഭാകരൻ | | Shri V Sivankutty<br>(പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി) | |
| (എ) | കോവിഡ് മഹാമാരിയുടെ പശ്ചാത്തലത്തിൽ ഫലപ്രദമായ ഓൺലൈൻ പഠനം ഉറപ്പുവരുത്തുന്നതിന്റെ ഭാഗമായി സ്ഥിരമായ നെറ്റ്‌വർക്ക്, ടി.വി., സ്മാർട്ട് ഫോൺ എന്നിവയുടെ ലഭ്യത ഉറപ്പാക്കുന്നതിനായി എന്തെല്ലാം നടപടികളാണ് സർക്കാർ സ്വീകരിച്ചിട്ടുള്ളതെന്ന് വിശദമാക്കാമോ; | (എ) | പൊതുമേഖലാ സ്ഥാപനങ്ങൾ, സ്വകാര്യ സ്ഥാപനങ്ങൾ, സർക്കാരിതര ഏജൻസികൾ, സ്വകാര്യ വ്യക്തികൾ, സന്നദ്ധ സംഘടനകൾ, പൂർവ്വ വിദ്യാർത്ഥി സംഘടനകൾ, ജനപ്രതിനിധികൾ, സ്കൂൾ അധികൃതർ, പി.റ്റി.എ/എസ്.എം.എസി. തുടങ്ങിയവരുടെ സഹകരണത്തോടെ ഒരു ലക്ഷത്തിൽപരം ഡിജിറ്റൽ ഉപകരണങ്ങൾ ഇതിനകം കുട്ടികൾക്ക് ലഭ്യമാക്കിയിട്ടുണ്ട്. കൂടാതെ ആവശ്യമുള്ള ഡിജിറ്റൽ ഉപകരണങ്ങൾ ലഭ്യമാക്കുന്നതിനായി 'വിദ്യാകിരണം'എന്ന പദ്ധതിയും പോർട്ടലും സജ്ജമാക്കിയിട്ടുണ്ട്. വ്യക്തികൾ, ഗ്രൂപ്പുകൾ, കമ്പനികൾ എന്നിവർക്ക് അവർ ആഗ്രഹിക്കുന്ന തരത്തിൽ ഏതെങ്കിലും സ്കൂളിലേയോ, കുട്ടികളുടെ എണ്ണത്തിനനുസൃതമായോ അല്ലെങ്കിൽ ഒരു നിശ്ചിത തുകയോ സംഭാവനകളായി നൽകാൻ ഈ പദ്ധതിയിൽ സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ട്. ഇപ്രകാരം ശേഖരിക്കുന്ന തുക കുട്ടികൾക്ക് ഡിജിറ്റൽ ഉപകരണങ്ങൾ നൽകാൻ മാത്രം ചെലവഴിക്കുന്നതാണ്. വിദ്യാകിരണം പദ്ധതി വഴി ലഭ്യമാകുന്ന തുകയിൽ നിന്നും ആവശ്യകതയ്ക്ക് അനുസരിച്ച് സ്കൂളുകൾക്ക് ഉപകരണങ്ങൾ ലഭ്യമാക്കുകയും അപ്രകാരം ലഭ്യമാകുന്ന ഉപകരണങ്ങൾ സ്കൂളുകളിൽ പ്രത്യേക രജിസ്റ്ററിൽ രേഖപ്പെടുത്തി കുട്ടികൾക്ക് താൽക്കാലിക അടിസ്ഥാനത്തിൽ വിതരണം നടത്തുകയും ചെയ്യുന്നു. ടെലികോം സേവന ദാതാക്കൾ, ഇൻഫ്രാസ്ട്രക്ചർ പ്രൊവൈഡേഴ്സ്, ഇന്റർനെറ്റ് സർവ്വീസ് പ്രൊവൈഡേഴ്സ് എന്നിവരുടെ സഹകരണത്തോടെ വിവിധ സർക്കാർ വകുപ്പുകളെ ഏകോപിപ്പിച്ചുകൊണ്ട്, ആദിവാസി മേഖലകൾ |

| | | | |
|---|---|---|---|
| | | | ഉൾപ്പടെയുള്ള കണക്ടിവിറ്റി കുറവുള്ള പ്രദേശങ്ങളെ കണ്ടെത്തി ഇന്റർനെറ്റ് സേവനം നൽകുന്നതിനുള്ള നടപടികൾ ത്വരിത ഗതിയിൽ പുരോഗമിച്ചു വരുന്നു. കെ.എസ്.ഇ.ബി പോളുകൾ ഉപയോഗിച്ച് ഒപ്റ്റിക്കൽ ഫൈബർ കേബിളുകൾ വലിച്ചുകൊണ്ടും പുതിയ മൊബൈൽ ടവറുകൾ സ്ഥാപിച്ചു കൊണ്ടും കണക്ടിവിറ്റി ലഭ്യമാക്കുവാനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. കൂടാതെ VSATഉൾപ്പെടെയുള്ള നൂതന സാങ്കേതികവിദ്യകളുടെ ഉപയോഗ സാധ്യതയും പരിശോധിച്ചുവരുന്നു. ആദിവാസി മേഖലകളിൽ കണക്ടിവിറ്റി നല്കുന്നതിന്റെ ഭാഗമായി കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡിന്റെ പോളുകൾ വഴി കേബിളുകൾ വലിക്കുന്നതിന് വാർഷിക വാടക ഇനത്തിൽ ഇളവുകൾ അനുവദിച്ചുകൊണ്ട് സർക്കാർ ഉത്തരവിറക്കിയിട്ടുണ്ട്. ഓൺലൈൻ വിദ്യാഭ്യാസത്തിന് ഇന്റർനെറ്റിന്റെ പ്രാധാന്യം കണക്കിലെടുത്ത്, ഇടതടവില്ലാതെ അതിവേഗ ഇന്റർനെറ്റ് സേവനം ലഭ്യമാക്കുന്ന തിനുതകുന്ന നയപരവും സാമ്പത്തികവുമായ തീരുമാനങ്ങൾ ഉൾപ്പടുത്തിയുള്ള മാർഗ്ഗരേഖയും സർക്കാർ തയ്യാറാക്കിയിട്ടുണ്ട് |
| (ബി) | സ്കൂളിലെ കൂട്ടായ്മയും പൊതുകളിയിടങ്ങളും ഇല്ലാതായതും പുറത്തിറങ്ങുന്നത് തടഞ്ഞതുമെല്ലാം ചേർന്ന് കുട്ടികളിലുണ്ടാക്കിയ മാനസിക അസ്വസ്ഥത പരിഹരിച്ച് മാനസികാരോഗ്യം ഉറപ്പുവരുത്തുന്നതിനായി പ്രത്യേകമായ പദ്ധതികൾ ആവിഷ്ക്കരിച്ചിട്ടുണ്ടോ എന്ന് വ്യക്തമാക്കുമോ; | (ബി) | സ്കൂളുകൾ തുറക്കുന്നതിന് മുന്നോടിയായി സ്കൂൾ തലത്തിൽ കുട്ടികളുടെയും രക്ഷിതാക്കളുടെയും മാനസിക സംഘർഷം ലഘൂകരിക്കുന്നതിനായി പൊതുവിദ്യാഭ്യാസ വകുപ്പിന്റെ നേതൃത്വത്തിൽ ഒരു കേന്ദ്രീകൃത മൊഡ്യൂൾ തയ്യാറാക്കിവരുന്നു. പ്രസ്തുത മൊഡ്യൂളിന്റെ അടിസ്ഥാനത്തിൽ അധ്യാപകതല പരിശീലനം നൽകുന്നതും അപ്രകാരം പരിശീലനം ലഭിച്ച അധ്യാപകർ ക്ലാസടിസ്ഥാനത്തിൽ രക്ഷകർത്താക്കൾക്ക് ഇത് സംബന്ധിച്ച ബോധവൽക്കരണ ക്ലാസ്സുകൾ നൽകുന്നതുമാണ്. സ്കൂൾ തുറന്ന് ആദ്യ ദിവസങ്ങളിൽ ഇത് സംബന്ധിച്ച ക്ലാസ്സുകൾ കുട്ടികൾക്കും നൽകുന്നതാണ്. |
| (സി) | ഇതിനായി തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുമായി സഹകരിച്ച് കൗൺസിലിംഗ് സെല്ലുകൾ രൂപീകരിക്കുന്നതിന് പദ്ധതികളുണ്ടോ; വിശദാംശം നൽകുമോ; | (സി) | തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുമായി സഹകരിച്ച് നിലവിൽ പദ്ധതികളൊന്നും തന്നെ ഇല്ല. എന്നാൽ സാമൂഹ്യനീതി വകുപ്പിന്റെ സഹകരണത്തോടെ കുട്ടികൾക്ക് കൗൺസിലിംഗ് നൽകിവരുന്നുണ്ട്. |
| (ഡി) | കോവിഡ് വ്യാപനം കുറയുന്നതിനനുസരിച്ച് അത്തരം പ്രദേശങ്ങളിൽ പൊതുസ്ഥലങ്ങൾ കേന്ദ്രീകരിച്ച് അയൽപക്ക പഠനകേന്ദ്രങ്ങൾ തുടങ്ങുന്നത് പരിഗണനയിലുണ്ടോ; വിശദമാക്കാമോ? | (ഡി) | നിലവിൽ പൊതുസ്ഥലങ്ങൾ, വിദൂര മലയോര മേഖലകൾ എന്നിവ കേന്ദ്രീകരിച്ച് അയൽപക്ക പഠന കേന്ദ്രങ്ങൾ പ്രവർത്തിച്ചുവരുന്നുണ്ട്. ഊരു വിദ്യാകേന്ദ്രങ്ങൾ, സ്പെഷ്യൽ ട്രെയിനിംഗ് സെന്ററുകൾ എന്നീ കേന്ദ്രങ്ങളിൽ പൊതു പഠന കേന്ദ്രങ്ങൾ ആരംഭിക്കുകയും പ്രവർത്തനങ്ങൾ ബി.ആർ.സി. കളുടെ നേതൃത്വത്തിൽ |

| | | | |
|---|---|---|---|
| | | | എഡ്യൂക്കേഷണൽ വാളന്റിയർമാരുടെയും അധ്യാപകരുടെയും സഹായത്തോടെ പഠന പ്രവർത്തനങ്ങൾ ആരോഗ്യ സുരക്ഷാ മാനദണ്ഡങ്ങൾ പാലിച്ച് നടന്നുവരുന്നു. |

സെക്ഷൻ ഓഫീസർ